പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **2711** **10.07. 2015-** ലെ മറുപടി

# പ്രവാസി മലയാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി 2014-15-ലെ ബഡ്ജറ്റിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ; | എ) പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി 2014 –15 – ലെ ബഡ്ജറ്റിൽ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എങ്കിലും 2012 – 13, 2013 – 14 എന്നീ വർഷങ്ങളിൽ നടപ്പാക്കി വരുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിക്ക് 2014 - 15 - ലെ ബജറ്റിൽ 5 കോടി വകയിരുത്തിയിരുന്നു. |
| ബി) പ്രസ്തുത പാക്കേജിന് കീഴിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;<br><br>സി)ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവഴിച്ചു? | ബി & സി) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനുമായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്'(NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂല ധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷ മെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മട ങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയ വയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക റൂട്ട്സും കനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നി വരുമായി ഒപ്പു വച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഉപഭോക്താ |

വിന് ലോൺ അനുവദിക്കുന്നത്. നോർക്ക റൂട്ട്സ് ആണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. നോർക്ക റൂട്ട്സിലെയും ബാങ്കുകളുടെ പ്രതിനിധികളുടെയും/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപികരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ലോണിനായി ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ ഫീസിബിലിറ്റി പരിശോധിച്ച് ബാങ്കുകൾ ലോൺ വിതരണം ചെയ്യുന്നു. വായ്പക്കായി അപേക്ഷിച്ച 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7218 അപേക്ഷകരിൽ 6766 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കാൻ ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. സബ്സിഡി ആനുകൂല്യത്തിന് അർഹരായിട്ടുള്ള 791 പേർക്ക് 6.82 കോടി രൂപ സബ്സിഡി ഇനത്തിൽ ബാങ്കുകളിലേക്ക് മാറ്റി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ